പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 489 29.01.2019 ലെ മറുപടിക്ക്

**കയർ വ്യവസായ മേഖലയിൽ യന്ത്രവത്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി യു. പ്രതിഭ<br>ശ്രീ.എൻ. വിജയൻ പിള്ള<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.കെ. ദാസൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ വ്യവസായത്തെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) കയർ മേഖലയുടെ നവീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി കയർ മേഖലയിൽ നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് രണ്ടാം പുന:സംഘടന. ചകിരിയുടെ ദൗർലഭ്യമാണ് കയർ മേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെൻററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് ലഭ്യത ഉറപ്പാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുന:സംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പിക്കുന്നതും, രണ്ടാം പുന:സംഘടനയുടെ ഭാഗമാണ്.<br>കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്.മിൽ അനുവദിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. ഇത് നടപ്പാക്കി കഴിഞ്ഞു.<br>സംസ്ഥാനത്ത് ഇതിനോടകം 50 ഡി.എഫ്. മില്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 500 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. |

| | |
|---|---|
| | കയർപിരി മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ആയതിന് എൻ.സി.ഡി.സി ധനസഹായ പദ്ധതി പ്രകാരം തുക ലഭ്യമായിട്ടുണ്ട്. ആലപ്പുഴ പ്രോജക്ടിലെ ചേർത്തല തിരുനെല്ലൂർ സി.വി.സി.എസ് ലി.നം.721-ൽ 10 ആട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് ഫാക്ടറി ടൈപ്പ് സംഘമായി പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അനുസരിച്ച് തെരഞ്ഞെടുക്കുന്ന കയർ സഹകരണ സംഘങ്ങളെയും ഫാക്ടറി ടൈപ്പ് സംഘമായി പരിവർത്തനം ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നു. |
| ബി) കയർ വ്യവസായ മേഖലയിൽ യന്ത്രവത്കരണം നടപ്പിലാക്കുമ്പോൾ പരമ്പരാഗത മേഖലയിൽ തുടരുന്ന കയർ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും, അവ കയറ്റുമതി ചെയ്യുന്നതിന് കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനും വേണ്ടി സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. ഈ പദ്ധതിയിൽ ചെറുകിട കയർ ഉല്പന്നനിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതും അവരുടെ ഉലപ്പന്നങ്ങൾ ശേഖരിക്കുന്നതിന് കൃത്യമായ ക്രയവില നൽകുന്നതിനും കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നത് വഴി തൊഴിലാളികൾക്ക് കൃത്യമായ കൂലിയും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നു. ഇത്തരം ഉല്പന്നങ്ങൾ സമയബന്ധിതമായി തന്നെ കയറ്റുമതി ചെയ്യുന്നതിനുള്ള വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ കയറ്റുമതി സ്ഥാപനങ്ങൾക്ക് നൽകുകയും ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം മിച്ചം വരുന്ന ഉല്പന്നങ്ങൾ പ്രത്യേക വിപണന ക്യാംപെയിനുകൾ വഴി പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.<br><br>കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ളക്ചേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും വിൽപ്പന നടത്തുന്നതുവഴി കയർപിരി സംഘങ്ങളുടെ കയർ യഥാസമയം സംഭരിച്ച് വിൽപ്പന നടത്തുന്നതിനും കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങൾക്ക് ന്യായവിലയ്ക്ക് പ്രധാന അസംസ്കൃത വസ്തുവായ കയർ ലഭ്യമാക്കുന്നതിനുള്ള |

| | |
|---|---|
| | നടപടിയും കയർഫെഡ് ഏറ്റെടുത്തു നടത്തുന്നു.<br>പരമ്പരാഗത കയർ പിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടേയും മിനിമം കൂലി 01.01.2019 മുതൽ പ്രതിദിനം 350/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇവർക്ക് 110/- രൂപ പ്രതിദിനം സർക്കാരിന്റെ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ലഭ്യമാകും.<br><br>2017-18 വർഷത്തിൽ 12,496.10 മെട്രിക് ടൺ കയർ (6616.97 ലക്ഷം രൂപ വില മതിക്കുന്ന) കയർഫെഡ് വാങ്ങി സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2017-18 വർഷത്തിൽ 517.97 ലക്ഷം രൂപ വിലമതിക്കുന്ന 2070.5 മെട്രിക് ടൺ ചകിരി കയർഫെഡ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.<br><br>2018-19 വർഷത്തിൽ 31.12.2018 വരെ ഫൈബർ സബ്സിഡി ഇനത്തിൽ 83,43,865/- രൂപ കയർഫെഡിന് അനുവദിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിനും മുടങ്ങാതെ തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിനുമാണ് കയർഫെഡിന് ഇപ്രകാരം തുക നൽകുന്നത്.<br><br>സംസ്ഥാനത്ത് ഉപയോഗിക്കപ്പെടുന്ന ചകിരിയുടെ ഗണ്യമായ ഒരു ഭാഗം ഇതര സംസ്ഥാനങ്ങളിൽ നിന്നാണ് ലഭ്യമായിക്കൊണ്ടിരിക്കുന്നത്. തുടർച്ചയായി ചകിരിയ്ക്ക് ഉണ്ടാകുന്ന വിലവർദ്ധനവ് വ്യവസായത്തെ പ്രതിസന്ധിയിലാക്കുകയും തൊഴിലാളികളുടെ വേതനത്തെ ബാധിക്കുകയും ചെയ്യുന്നത് മനസ്സിലാക്കിയാണ് കയർ രണ്ടാം പുനസംഘടനയുടെ ഭാഗമായി 13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേരളത്തിൽ 500 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടിയെടുത്തുവരുന്നത്. ഇതിനകം 50 ചകിരി മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 100 മില്ലുകൾ പൂർത്തിയാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകുകയാണ്. സ്വകാര്യ സംരംഭകർക്ക് 50% സബ്സിഡി അനുവദിച്ചുകൊണ്ട് ഡി.എഫ് മിൽ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുകയാണ്. ചകിരി ഉല്പാദനത്തിൽ നിർണ്ണായകനിലയിൽ സ്വാശ്രയത്വം നേടിയാൽ മാത്രമേ വ്യവസായം ലാഭകരമാക്കാനും അതുവഴി തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കാനും സാധിക്കുകയുള്ളൂ.<br>കയർ വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് മേൽ പ്രകാരമുള്ള നടപടികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. |
| സി) ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി തദ്ദേശീയമായി തൊണ്ട് സംഭരണം ഊർജ്ജിതമാക്കാനും | സി) കയർ മേഖലയിൽ നടപ്പാക്കുന്ന രണ്ടാം പുന:സംഘടനയിലൂടെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, |

| | |
|---|---|
| കുടുംബശ്രീ, നാളീകേര ഉല്പാദക കമ്പനികൾ എന്നിവ മുഖേന ചകിരി ഉല്പാദനം നടത്താനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെൻററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെട്ടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും ലക്ഷ്യമിടുന്നു. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ / ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്.മിൽ അനുവദിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ